**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കിലയെ കല്പിത സർവകലാശാലയായി ഉയർത്തുന്നതിലേയ്ക്കായി കില കോർപ്പസ് ഫണ്ടിലേയ്ക്ക് തുക കൈമാറുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്**

ജി.ഒ.(സാധാ) നം. 673/12/തസ്വഭവ തിരുവനന്തപുരം, തീയതി : 05.03.2012

---

പരാമർശം:- 1. കില ഡയറക്ടറുടെ 15.02.2012 ലെ കുറിപ്പ്

2. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 29.02.2012 ലെ നം.2.25 തീരുമാനം

**ഉത്തരവ്**

കിലയെ കല്പിത സർകലാശാലയായി ഉയർത്തുന്നതിനും കോഴ്സുകൾ ആരംഭിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഫണ്ട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011-12 ലെ പദ്ധതി വിഹിതത്തിൽ നിന്ന് കില കോർപ്പസ് ഫണ്ടിലേയ്ക്ക് താഴെ പറയും പ്രകാരം തുക കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | കുറഞ്ഞത് 1 ലക്ഷം രൂപ |
| | - | പരമാവധി 2 ലക്ഷം രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | - | കുറഞ്ഞത് 2 ലക്ഷം രൂപ |
| | | പരമാവധി 3 ലക്ഷം രൂപ |
| ജില്ലാപഞ്ചായത്ത് | - | കുറഞ്ഞത് 3 ലക്ഷം രൂപ |
| | | പരമാവധി 5 ലക്ഷം രൂപ |
| മുനിസിപ്പാലിറ്റി | - | കുറഞ്ഞത് 2 ലക്ഷം രൂപ |
| | | പരമാവധി 3 ലക്ഷം രൂപ |
| കോർപ്പറേഷൻ | - | കുറഞ്ഞത് 5 ലക്ഷം രൂപ |
| | | പരമാവധി 8 ലക്ഷം രൂപ |

വികസന ഫണ്ടിന്റെ മേഖലാ വിഭജനത്തിന്റെ പരിധിയിൽ വരാതെയും എന്നാൽ പദ്ധതി ചെല വായി കണക്കാക്കിയും 2011-12 ലെ പദ്ധതി വിഹിതത്തിൽ നിന്ന് തുക കൈമാറാൻ അനുമതി നൽകുന്നു. ആയതിന് ഡി.പി.സി.യുടെ സാധൂകരണം വാങ്ങേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ